പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1197 | 7.06.2018-ൽ മറുപടിക്ക്

## ഒട്ടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡ്

ചോദ്യം

ശ്രീ.കെ.സി.ജോസഫ് :

മറുപടി

ശ്രീ. ജി. സുധാകരൻ

(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) കണ്ണൂർ ജില്ലയിലെ ഒട്ടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡ് സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽപ്പെടുത്തി അനുവദിച്ച തുകയിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡിലെ പുലികുരുമ്പ മുതൽ കുടിയാൻമല വരെ വീതി കൂട്ടി ടാർ ചെയ്യാനും പുലികുരുമ്പ-പുറഞ്ഞാൽ റോഡ് നവീകരിക്കുവാനും എം.എൽ.എ നൽകിയ നിവേദനത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(എ) കണ്ണൂർ ജില്ലയിലെ ഒട്ടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡ് സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽപ്പെടുത്തി അനുവദിച്ച തുകയിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡിന് MLA നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ട മാറ്റങ്ങൾ CRF മാനദണ്ഡങ്ങളിൽ നിന്നു ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി). സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഈ റോഡിന് അനുവദിച്ചത് എത്രരൂപയാണെന്നും ടെൻഡർ ചെയ്ത് വർക്ക് അവാർഡ് ചെയ്തത് എത്ര രൂപയാണെന്നും ഈയിനത്തിൽ സേവിംഗ്സ് എത്ര രൂപയാണെന്നും വെളിപ്പെടുത്തുമോ;

(ബി) സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഈ റോഡിന് കണ്ടിജൻസി ചാർജസ്, ക്വാളിറ്റി കൺട്രോൾ ചാർജസ്, വർക്ക് എസ്റ്റാബ്ലിഷ് മെന്റ് ചാർജസ് ഉൾപ്പെടെ ആകെ 27.246 കോടി രൂപയാണ് അനുവദിച്ചത്. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 25,79,72,219/- രൂപയും ടെൻഡർ ചെയ്ത് വർക്ക് അവാർഡ് ചെയ്തത് 22,29,27,687/- രൂപയുമാണ്. ഈയിനത്തിൽ ടെണ്ടർ സേവിംഗ്സ് 3,50,44,532/- രൂപ ആണ്.

| | |
|---|---|
| (സി) ഈ സേവിംഗ്സ് തുക വിനിയോഗിക്കാത്ത പക്ഷം സംസ്ഥാനത്തിന് നഷ്ടപ്പെടുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) ചെലവാകുന്ന തുകയ്ക്ക് utilization certificate സമർപ്പിക്കുമ്പോൾ മാത്രം തുക റീ ഇംപേഴ്സ് ചെയ്ത് തരുന്ന രീതിയായതിനാൽ തുക നഷ്ടമാകുന്നില്ല. കൂടാതെ പദ്ധതിയ്ക്ക് അനുമതി ലഭിച്ച തുകയേക്കാൾ കുറവിൽ പൂർത്തീകരിച്ചാൽ അതുമൂലമുള്ള സേവിംഗ്സ് ഭാവിയിലുള്ള പ്രവൃത്തികളുടെ അനുമതിയ്ക്ക് ഉപയോഗമാകുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ